# കാവ് തീണ്ടല്ലേ...

ഇന്ന് ഈ ചുട്ടുപൊള്ളുന്ന വേനലിൽ വിയർത്ത് ഒലിച്ച് തൊണ്ടവരണ്ടുണങ്ങി ഒരിറ്റു ദാഹജലത്തിനായി മണിക്കൂറുകളോളം കാത്ത് നിൽക്കുമ്പോൾ നമ്മുടെ നാട്ടിൽ നിന്ന് ഓരോന്നായി മാഞ്ഞു പോയ്ക്കൊണ്ടിരിക്കുന്ന കാവുകളുടെ പ്രസക്തിയും വർധിക്കുന്നു

## കാവ് തീണ്ടരുത് കുളം വറ്റും

ഈ ചൊല്ല് കേരളത്തിൽ ഇന്ന് ജീവിക്കുന്ന മധ്യവയസ്കരുടെ ബാല്യകാലങ്ങളിൽ കേട്ടിരുന്ന ഒരു ചൊല്ലായിരുന്നു.

**അക്കാലങ്ങളിൽ,**

വേനലവധിക്കാലത്ത് കൂട്ടുകാരോടൊപ്പം വള്ളിപ്പടർപ്പുകളിൽ ഊഞ്ഞാലാടുന്നതിനും, ഇലഞ്ഞിപ്പഴവും, ഞാവലും, ഞാറയും, അത്തിയും, പുളിപ്പഴവും, പാഞ്ചിമരത്തിൻകായ്കളും നെല്ലിയും, പഞ്ചസാരപ്പഴവും മറ്റും മതിവരുവോളം ഭക്ഷിക്കുന്നതിനും, മുളക് ചെമ്പരത്തിയിലേയും തെറ്റിയിലേയും തേൻ നുകരുന്നതിനും എല്ലാം കഴിഞ്ഞ് കളിച്ച് തളരുമ്പോൾ ഐസിനോളം തണുപ്പുള്ള ശുദ്ധമായ തെളിനീർ കൈയ്ക്കുമ്പിളിൽ കോരിക്കുടിക്കുന്നതിനും ഒക്കെ വിഹാരമായി നിന്നിരുന്ന ഒരു ഉദ്യാനമായിട്ടു മാത്രമായിരുന്നു ബാല്യത്തിൽ ഓരോ മലയാളിയും ഈ ചൊല്ലിനെ കണ്ടിരുന്നത്.

എന്നാൽ ഇന്ന് ഈ ചുട്ടുപൊള്ളുന്ന വേനലിൽ വിയർത്ത് ഒലിച്ച് തൊണ്ടവരണ്ടുണങ്ങി ഒരു ഇറ്റു ദാഹജലത്തിനായി മണിക്കൂറുകളോളം കാത്ത് നിൽക്കുമ്പോൾ ആ വാക്കുകളുടെ വലിയ അർത്ഥ വ്യാപ്തി മനസിലാകുന്നു.

ബാല്യത്തിൽ കാവുതീണ്ടിയാൽ എങ്ങനെയാണ് കുളം വറ്റുക എന്ന് തിരിച്ചും മറിച്ചും ആലോചിച്ചിട്ടുണ്ട്. ഒന്നും രണ്ടും പ്രാവശ്യം കൂട്ടുകാരോട് ചോദിച്ചിട്ടുമുണ്ട്.

അന്ന് അതിന് കാവിലെ നാഗയക്ഷിയമ്മ കോപിച്ച് ശപിക്കുന്നത് മൂലമാണ് കുളം വറ്റുന്നത് എന്ന ഒരു മറുപടിയാണ് ലഭിച്ചത്.

എന്നാൽ കാര്യകാരണങ്ങളെ അപഗ്രഥിക്കുവാനും, കൃഷിശാസ്ത്രം പഠിക്കുവാനും തുടങ്ങിയപ്പോഴാണ് പരിസ്ഥിതിയെക്കുറിച്ച് നമ്മുടെ പൂർവ്വികർക്കുണ്ടായിരുന്ന അപാരമായ ജ്ഞാനത്തെക്കുറിച്ച് അത്ഭുതാദരവോടെ തിരിച്ചറിയുന്നത്.

കാവുകൾ കേവലം ആരാധനയ്ക്ക് വേണ്ടി മാത്രം മാറ്റിവച്ചിരുന്ന വെറും സ്ഥലം മുടക്കികൾ അല്ലായെന്നും മനുഷ്യനും പ്രകൃതിയുമായുള്ള ജൈവബന്ധത്തിന്റെ പൊക്കിൾകൊടികളായിരുന്നു ഈ കാവുകൾ എന്നും നാം തിരിച്ചറിയുന്നു. മനുഷ്യന്റെ സ്ഥായിയായ നിലനിൽപ്പിന് ഈ ഭൂമിയിൽ താൻമാത്രം പോരായെന്നും ഒരോ പുതിയ ഭൂമിയിലേക്കുള്ള മനുഷ്യന്റെ കടന്നുകയറ്റം ഇല്ലാതെയാകുന്ന വനങ്ങളും ജന്തുജാലങ്ങളും, ആത്യന്തികമായി മനുഷ്യന്റെ തന്നെ നിലനിൽപ്പിനെ ചോദ്യം ചെയ്യപ്പെടും എന്ന ശാസ്ത്രസത്യത്തെക്കുറിച്ചുള്ള ഉത്തമമായ അറിവാണ് ഓരോ ചെറുകാവുകളും.

കേരളത്തിൽ അങ്ങോളം ഇങ്ങോളം 100 കണക്കിന് കാവുകൾ

1 സെന്റു മുതൽ ഏതാനും ഹെക്ടർവരെ വലുപ്പമുള്ളവ ഉണ്ടായിരുന്നു.

വൈദേശിക അധിനിവേശ കാലഘട്ടത്തിൽ ഉടലെടുത്ത ചിന്തയുടെ ഭാഗമായി ഈ കാവുകൾ വെട്ടിമാറ്റുകയും അതിനോട് ചേർന്ന് ചേർന്ന് ഉണ്ടായിരുന്ന കുളങ്ങൾ മണ്ണിട്ട് നികത്തുകയും ചെയ്തപ്പോൾ ആയിരക്കണക്കിന് വർഷങ്ങളിലൂടെ തലമുറകൾ തലമുറകളായി സംരക്ഷിച്ചു നിർത്തിയ ഒരു പ്രദേശത്തെ ശ്വാസകോശത്തിന്റെയും ആ പ്രദേശത്തെ ജലസ്രോതസിന്റെയും ഉദകക്രിയയാണ് ഞാൻ ചെയ്യുന്നത് എന്നറിയാനുള്ള വിവേകം അത് ചെയ്ത വ്യക്തിക്കോ സമൂഹത്തിനോ ഇല്ലാതെ പോയി. ഒപ്പം......

നിറം പിടിപ്പിച്ച കഥകളും വെറുക്കപ്പെടേണ്ടതും ഭയപ്പെടേണ്ടതുമാണ് എന്ന പരിവേഷം ചാർത്തി കൊടുത്തുകൊണ്ട് നാം കാവുകളെയും കുളങ്ങളെയും നശിപ്പിച്ചു. എന്നാൽ വിവേകിയായ പ്രകൃതിയുടെ ഭാഗമായ പഴയ മനുഷ്യർ കാവുകൾ നിലനിർത്തിയിരുന്നത് താഴെപ്പറയുന്ന ആവശ്യങ്ങളുടെ ഭാഗമായിരുന്നു എന്നു കാണാം.

മനുഷ്യൻ അവന്റെ ജീവസന്ധാരണത്തിനായി ഇവിടെ ആശ്രയിച്ചിരുന്നത് കൃഷിയെ ആയിരുന്നു. നിലം, വയൽ, കര 'പറമ്പ്' വിള തുടങ്ങിയവയടങ്ങുന്ന കാർഷിക പ്രകൃതി. നിരവധി സസ്യജന്തുസ്സുകളെ തങ്ങളുടെ ആവശ്യാനുസരണം കൃഷിചെയ്ത് അവ ക്രയവിക്രയം ചെയ്ത് ജീവിക്കുന്ന ഒരവസ്ഥയാണ് ഉണ്ടായിരുന്നത്. നിരന്തരമായി ഒരു സ്ഥലത്ത് മാറി, മാറി, അവ തന്നെ കൃഷി ചെയ്യുമ്പോൾ ആ സസ്യജന്തുസ്സുകളുടെ കീടങ്ങളും രോഗങ്ങളും പെരുകുന്നതിന് സാധ്യത കൂടുതലാണ്.

എന്നാൽ കാവു പോലെയുള്ള പ്രദേശങ്ങളിൽ ഈ കീടങ്ങളെ ആഹരിക്കുന്ന ശത്രുകീടങ്ങളും മിത്രകുമിളുകളും ഒക്കെ അടങ്ങിയ ഒരാവാസ വ്യവസ്ഥയാണ്. ഓരോ കാവുകളിലും നിരവധി തുമ്പികളും, ചിലന്തികളും, പുൽച്ചാടികളും, തവളകളും, മരത്തവളകളും ഓന്ത്, അരണ, പാമ്പുകൾ, എലികൾ, ചേര, കീരി തുടങ്ങിയ ജന്തുജാലങ്ങളും, മൂങ്ങ, കുയിൽ, മൈന, കുരുവി, കാട്ടുകോഴി, കുളക്കോഴി, ധാരാളം ചെറു കിളികളും തുടങ്ങിയ പക്ഷികളും അടങ്ങിയ എണ്ണിയാലൊടുങ്ങാത്ത ജന്തുജാലങ്ങളുടെ ആവാസവ്യവസ്ഥയാണ്. അതിനാൽ തന്നെ ഒരു പ്രദേശത്തെ സസ്യസംരക്ഷണത്തിൽ ഇത്തരത്തിലുള്ള കാവുകൾ വലിയ ഒരു പങ്ക് വഹിച്ചിരുന്നതായി കാണാം.

ജലസംരക്ഷണത്തിനായി കാവുകൾ വഹിച്ചിരുന്ന പങ്ക് നിസ്സീമമാണ്. കാവുകളിൽ മനുഷ്യരുടെയും മറ്റ് വളർത്തുമൃഗങ്ങളുടെയും പ്രവേശനം നിഷേധിച്ചിരുന്നതിനാൽ ഒരു കരിയില പോലും അവിടെ നിന്നും നീക്കം ചെയ്തിരുന്നില്ല. ആയതിനാൽ തന്നെ കാവുകളിൽ വർഷങ്ങളായി അടിഞ്ഞുകൂടിയിരിക്കുന്ന കരിയിലകളും ഉണങ്ങിയ ചുള്ളികളും, ഒക്കെ ചേർന്ന് നല്ല കനത്ത സ്പോഞ്ച് കൊണ്ട് നിർമ്മിച്ച ഒരു മെത്ത കണക്കെയുള്ള ഭൂമിയാണ് കാവുകളുടേത്. മഴക്കാലത്ത് പെയ്യുന്ന മഴയുടെ വലിയ ഒരളവ് ഈ

സ്പോഞ്ച് കണക്കുള്ള ഭൂമി ശേഖരിച്ച് വച്ച് പതുക്കെ പതുക്കെ അടുത്തുള്ള കുളങ്ങളിലേയ്ക്കും അടുത്തുള്ള ജലസ്രോതസുകളിലേയ്ക്കും അൽപാൽപമായി വിട്ടുകൊടുക്കും. അങ്ങനെ ജലസംഭരണത്തിലും ജലസംരക്ഷണത്തിലും ഒപ്പം കരഭൂമിയിലെ വെള്ളപ്പൊക്ക നിവാരണത്തിനും കാവും കുളങ്ങളും വലിയ പങ്ക് വഹിച്ചിരുന്നു.

സ്വന്തം കൃഷിയിടത്തിന്റെ ഫലഭൂയിഷ്ഠത ഉയർത്തുന്നതിലും സംരക്ഷിക്കുന്നതിലും ഈ കാവുകൾക്കുള്ള പങ്ക് പൂർവ്വികർ മനസ്സിലാക്കിയിരുന്നു എന്നുവേണം കരുതുവാൻ. കാവുകളിലെ നാനാജാതി വൃക്ഷങ്ങളിലേയും ഇലകളും തണ്ടും അടിഞ്ഞുചേർന്ന് അഴുകി പൊടിയുന്നതിനോടൊപ്പം നാനാജാതി ജന്തുവർഗങ്ങളുടെയും വിസർജ്യങ്ങളും കുമിളുകളും ഒക്കെ ചേർന്ന് വളരെയധികം ഫലഭൂയിഷ്ഠമായ ഭൂമിയാണ് കാവുകളുടേത്. മഴക്കാലത്ത് ഇവ അടുത്തുള്ള കൃഷിയിടത്തിലേക്ക് ഊർന്നിറങ്ങി അവിടെ കൃഷി ചെയ്യുന്ന വിളകൾക്ക് ആവശ്യമുള്ള മൂലകങ്ങളെ പ്രദാനം ചെയ്യുക എന്ന ഒരു ധർമ്മവും അനുഷ്ഠിക്കുന്നു.

ഈ കാവുകൾ നമ്മുടെ തനത് പാരമ്പര്യ വൈദ്യശാഖയായ ആയുർവേദത്തിനും നാട്ടുവൈദ്യത്തിനും ആവശ്യമായ മരുന്നു ചെടികളുടെയും മരങ്ങളുടെയും ഒക്കെ അമൂല്യമായ കലവറയായിരുന്നു.

തങ്ങളുടെ ഔഷധ ആവശ്യങ്ങൾ തങ്ങളുടെ തന്നെ മുറ്റത്ത് അവസാനിപ്പിക്കുന്നതിന് കാവുകൾ സഹായിച്ചിരുന്നു.

കൂടാതെ പലതരം അപൂർവ്വങ്ങളായ ഫലമൂലാദികളും കാവുകൾ പ്രദാനം ചെയ്തിരുന്നു. (ആഞ്ഞിലി, ഞാവൽ, സംഭേി. ഇലഞ്ഞി) തുടങ്ങിയവ.

ഇതിനൊക്കെ പുറമെ

ആ പ്രദേശത്തെ വായുവിനെ ശുദ്ധീകരിച്ച് മനുഷ്യർക്കും മറ്റ് ജന്തുജാലങ്ങൾക്കും ആവശ്യമായ ശുദ്ധവായു പ്രദാനം ചെയ്യുന്നതിനും ഒപ്പം അന്തരീക്ഷ ഊഷ്മാവ് ഒരു പരിധിയ്ക്കപ്പുറം കൂടാതെ പിടിച്ചുനിർത്തുന്നതിനും ഒക്കെ ഈ കാവുകളും കുളങ്ങളും വഹിച്ചിരുന്ന പങ്ക് കണക്കിലെടുത്താൽ നമുക്ക് മനസിലാകും .........

ഒരു ചെറിയ പിച്ചാത്തിയോ, മഴുവോ, ഇരുമ്പോ പോലും കൊണ്ട് കാവുകളിൽ പ്രവേശിക്കുവാൻ അനുവദിക്കാതെയിരിക്കുകയും കാവിനെ ഭയഭക്തി ബഹുമാനത്തോടെ ആരാധിക്കുകയും ചെയ്ത് പൂർവ്വികരുടെ ദീർഘ വീക്ഷണവും, യുക്തിയും അത്ഭുതാദ രവോടെ മാത്രമേ കാണാൻ സാധിക്കൂ. കേരളത്തിലെ കാവുകളെ അടുത്ത് നിരീക്ഷിച്ചാൽ ഒരു കാര്യം കൂടി സ്പഷ്ടമാകും. കാവുകൾ ഏറെയും കാണുന്നത് തീരദേശ ജില്ലകളായ കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലും മലബാർ പ്രദേശത്തുമാണ്. പശ്ചിമഘട്ട മലനിരകളോട് ചേർന്ന് കിടക്കുന്ന ജില്ലകളിൽ കാവുകളുടെ എണ്ണം താരതമ്യേന വളരെ കുറവാണ്. ഈ നിരീക്ഷണം വിരൽ ചൂണ്ടുന്നത്......

സ്വാഭാവിക വനങ്ങൾ ഉണ്ടായിരുന്ന പ്രദേശത്ത് മനുഷ്യൻ കാവുകൾ നിലനിർത്താൻ ശ്രമിച്ചിരുന്നില്ല എന്നും വനം തീരെ കുറഞ്ഞ പ്രദേശത്ത് തന്റെ സ്വകാര്യ ആവശ്യങ്ങളായ പാർപ്പിടത്തിനും കൃഷിയ്ക്കുമായി ധാരാളം സ്ഥലം കൈയ്യേറിയപ്പോൾ സമൂഹത്തിന്റെ മൊത്തം നന്മയ്ക്കായി ഒരു ചെറുതുണ്ടു ഭൂമി കാവും കുളവുമായി നിലനിർത്തുക എന്ന മഹത്തായ ഒരു കർമ്മമായിരുന്നു കാവുകളും കുളങ്ങളും.

ആ മഹത്കർമ്മത്തിന് മുൻപിൽ നമസ്കരിക്കേണ്ടത് എല്ലാ മനുഷ്യജീവികളുടെയും കടമയാണ്.

**************

ഇന്ന് കുളമില്ല, തോടില്ല, തൊടിയില്ല, കാവില്ല, പ്ലാവില്ല, മാവില്ല,.......

ഉള്ളത് "വില്ല" കൾ!

ബോഗൻ വില്ല കളല്ല, സിമന്റ് വില്ലകൾ!!

രണ്ടു നിലകളിൽ നാട്ടിൻ പുറങ്ങളിൽ.

എട്ടും പത്തും നിലകളിൽ പട്ടണ പ്രദേശത്ത്. അതിൽ കൂടുതൽ നിലകളിൽ നഗരങ്ങളിൽ.

വില്ലകൾക്ക് ചുറ്റും വളഞ്ഞു നിൽക്കുന്ന മതിലുകൾ.

ചെടിച്ചട്ടികളിൽ വളർന്നു നിൽക്കുന്ന 15 സെന്റി മീറ്റർ വണ്ണവും, 175 സെന്റി മീറ്റർ ഉയരവും ഉള്ള വൻ മരങ്ങൾ !!!!!!

വില്ലകൾക്കും മതിലുകൾക്കും ഇടയിൽ കടും നിറത്തിൽ "ഇന്റർ ലോക്ക്"

തുമ്പികളില്ല, ചിലന്തികളില്ല, പൂമ്പാറ്റകളില്ല. തവളകളും മരത്തവളകളും ഇല്ല. അരണയും ഓന്തും ഒട്ടുമേയില്ല. ഓന്തിന്റെ നിറം മാറ്റം കാണാനേയില്ല.

പാമ്പുകൾ, എലികളെ പിടിക്കുന്നത് കാണാനില്ല........കീരി പാമ്പിനെ പിടിക്കുന്നതും കാണാനില്ല.

തത്ത, മൈന, മൂങ്ങ, കുയിൽ, കൂമൻ, കാട്ടുകോഴി, കുളക്കോഴി.......എല്ലാം നഗരത്തിലെ "സൂ" ലായി.

പാമ്പും കീരിയും എലിയും ചിലന്തിയും അരണയും ഓന്തും മരത്തവളയും കൂമനും കാട്ടു കോഴിയും മനുഷ്യരൂപങ്ങളിലായി

മനുഷ്യരൂപങ്ങൾ "വില്ല" കളിൽ ബാക്കിയായി.........അവർ പെരുകി!!!!

പെരുകിയവർ "വില്ല" കൾക്ക് ചുറ്റും വെരുകി

അവർ മണ്ണ് ചോർത്തി, മണൽ ചോർത്തി, മരങ്ങൾ ചോർത്തി, മനസ്സുകൾ ചോർത്തി.

അവർ കുളങ്ങൾ വറ്റിച്ചു നദികൾ വറ്റിച്ചു, കായലുകൾ വറ്റിച്ചു, മനുഷ്യരെ പറ്റിച്ചു

മണ്ണിലും വിണ്ണിലും മഴ ഇല്ലാതാക്കി, മനുഷ്യനെ ഇല്ലാതാക്കി.

മനുഷ്യൻ മഴയ്ക്കായി...........വെള്ളത്തിനായി.......മനസ്സിന്റെ തണുപ്പിനായി പായുന്നു !!!

**ബാബു പാലത്തും പാട്ട്**

***

(തയ്യാറാ. പ്രീത ചക്രപാണി)